(എ) സംസ്ഥാനത്തെ ആദിവാസി പെൺകുട്ടികളെ ലൈംഗിക ചൂഷണത്തിൽ നിന്നും രക്ഷിക്കാനും അവിവാഹിത മാതാക്കളേയും കുട്ടികളേയും പുനരധിവസിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ;

(സി) അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി&സി) ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ പോലീസ് അന്വേഷണം നടത്തി പ്രതികൾക്കെതിരെ 1989-ലെ അതിക്രമം തടയൽ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അനന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിക്രമങ്ങൾക്ക് വിധേയരാവുന്നവർക്ക് സ്ഥായിയായ വരുമാനലബ്ധിക്കുവേണ്ടി പൂക്കോട് ഡയറി പ്രോജക്ട് പ്രിയദർശിനി തേയിലത്തോട്ടം എന്നിവിടങ്ങളിൽ തൊഴിൽ നല്കി പുനരധിവസിപ്പിക്കുന്നു. കൂടാതെ പുനരധിവാസത്തിന്റെ ഭാഗമായി വീടും സ്ഥലവും ഇല്ലാത്തവർക്ക് ആയത് നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അവിവാഹിതരായ മാതാക്കളുടെ കുട്ടികളെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിൽ താമസിപ്പിച്ച് പഠിപ്പിച്ച് വരുന്നു. അവിവാഹിതരായ അമ്മമാരുടെ കുട്ടികളുടെ പിതൃത്വം തെളിയിക്കുന്നതിന് ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിക്രമങ്ങൾ തടയൽ നിയമത്തെ സംബന്ധിച്ചും നിയമസാദ്ധ്യതകളെ സംബന്ധിച്ചും ആദിവാസികൾക്കിടയിൽ ബോധവൽക്കരണ സെമിനാറുകൾ നടത്തിവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം

24 (*202) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഈ ഗവൺമെന്റിന് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഗവൺമെന്റിന്റെ കാലത്ത് ഈ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റിന്റെ കാലത്ത് പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്†.

ഗോത്രവർഗ്ഗവിഭാഗങ്ങളുടെ പാരമ്പര്യതനിമ നിലനിർത്തുന്നതിന് നടപടി

25 (*203) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി ഗോത്രവർഗ്ഗവിഭാഗങ്ങളുടെ പാരമ്പര്യതനിമയും സാംസ്കാരിക രീതികളും നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വനാന്തരങ്ങളിൽ കൂട്ടായി അധിവസിക്കുന്ന ഗിരിവർഗ്ഗ-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യതനിമയും സാംസ്ക്കാരിക രീതികളും സംരക്ഷിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽമാത്രം പ്രചാരത്തിലുള്ള പാരമ്പര്യചികിത്സാ രീതികൾ പരിപോഷിപ്പിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസി ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നല്കി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ആദിവാസി-ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ സാംസ്കാരിക തനിമ നിലനിർത്തുന്നതിന് സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നല്കുന്ന പദ്ധതിക്ക് രൂപം നല്കുമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഗോത്രവർഗ്ഗ സമുദായങ്ങളുടെ ഭൗതികസംസ്ക്കാരം സംബന്ധിച്ച് വസ്തുക്കൾ ശേഖരിച്ച് കിർട്ടാഡ്സ് സംസ്ഥാനത്ത് ഒരു മ്യൂസിയം സജ്ജമാക്കിയിട്ടുണ്ട്. ഗോത്രവർഗ്ഗക്കാരുടെ കലാപ്രാവീണ്യവും, കരകൗശല വസ്തു നിർമ്മാണ വൈദഗ്ദ്ധ്യവും പരിപോഷിപ്പിക്കുന്നതിനായി ആദികലാകേന്ദ്ര പ്രവർത്തനങ്ങൾ കിർട്ടാഡ്സ് സംഘടിപ്പിച്ച് പോരുന്നു.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[1-3-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24(*202)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

ഭവന നിർമ്മാണം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1999-2000-വരെ 2343 വീടുകൾ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും വിവിധ വകുപ്പുകൾ മുഖേന 7628 വീടുകളും ചേർത്ത് ആകെ 9971 വീടുകൾ പട്ടികവർഗ്ഗക്കാർക്കായി നിർമ്മിച്ച് നല്കിയിട്ടുണ്ട്. ഇതിന് പുറമേ ത്രിതല പഞ്ചായത്തുകൾ മുഖേന 14133 വീടുകൾക്ക് ധനസഹായം നല്കിയിട്ടുണ്ട്. സ്വന്തമായി ഭൂമിയുള്ള എല്ലാ പട്ടികവർഗ്ഗക്കാർക്കും 2002 വർഷത്തോടെ വീട് നിർമ്മിച്ചു നല്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഭവന രഹിതരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നല്കുകയെന്ന ഉദ്ദേശത്തോടെ ഭവന നിർമ്മാണ ബോർഡുമായി സഹകരിച്ച് സുവർണ്ണ ജൂബിലി മൈത്രി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു.

വിദ്യാഭ്യാസം

പട്ടികവർഗ്ഗക്കാർക്കു വേണ്ടി 15 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും രണ്ട് ആശ്രമം സ്കൂളുകളും ആരംഭിച്ചു. 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ പദ്ധതി നടപ്പിലാക്കി. ഇടയ്ക്കു വച്ച് പഠനം നിർത്തിയ വിദ്യാർത്ഥികളെ തിരികെ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുന്നതിനായി ഒരു പദ്ധതി ആരംഭിച്ചു. പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെടുന്നവർക്കും അടിയാൻ, പണിയാൻ തുടങ്ങിയ സമുദായങ്ങളുടേയും ഇടയിലുള്ള പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കി. കൂടാതെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly